പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 2196 — 17-2-2016 ൽ മറുപടിക്ക്

**കെൽട്രോണിന്റെ വൈവിദ്ധ്യവൽക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കെൽട്രോണിന്റെ വൈവിദ്ധ്യവൽക്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഗ്രാന്റായി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) കെൽട്രോണിൻെറ വൈവിധ്യ വത്ക്കരണത്തിൻെറ ഭാഗമായി എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഐടി, ട്രാഫിക്സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക്ക് ഐഡികാർഡ്, ഐടിവിദ്യാഭ്യാസം, സോളാർ, എൽ.ഇ.ഡി തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കും ആവശ്യമായ നവീനവും വിപുലവുമായ സൗകര്യങ്ങൾ സർക്കാരിൻെറ സാമ്പത്തിക സഹായത്തോടെ കെൽട്രോണിൽ നടപ്പിലാക്കി വരികയാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിൻെറ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിൻെറ ഭാഗമായുള്ള പദ്ധതികൾക്കായി 16 കോടിരൂപയും അനുബന്ധ യൂണിറ്റുകളായ കണ്ണൂരിലെ കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടിരൂപയും കുറ്റിപ്പുറത്തെ കെൽട്രോൺ ഇലക്ട്രോ സിറാമിക്സിൻെറ ട്രാൻസ്ഡ്യൂസർ ഉൽപ്പാദനസംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ധനസഹായം ഗ്രാൻറായി മാറ്റുന്നതിൻെറ ആവശ്യകത പരിശോധിക്കാവുന്നതാണ്. |

(ബി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്നു മുതലാണ് തൊഴിലാളികൾക്ക് പുതിയ ശമ്പളം നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപറേഷൻ ലിമിറ്റഡിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) വർഷങ്ങളായി ജോലി ചെയ്തുവരുന്ന കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) ഇപ്പോൾ പരിഗണനയിലില്ല

സെക്ഷൻ ഓഫീസർ